ശ്രീ. ടി. എസ്. ജോൺ : കാലതാമസമുണ്ടാകുന്നതിനുള്ള കാരണം എന്താണ് ?

ശ്രീ. തച്ചടി പ്രഭാകരൻ : ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ വരുന്ന കാലതാമസമാണ് പ്രധാനമായിട്ടുണ്ടാകുന്നത്. ചിട്ടി പിടിച്ചു കഴിഞ്ഞാൽ അത് ഹാജരാക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം കൊണ്ടാണ്. സബ് രജിസ്ട്രാർ ആഫീസിൽ നിന്നും ബാദ്ധ്യതാ സർട്ടിഫിക്കറ്റ് കിട്ടാനുണ്ടാകുന്ന കാലതാമസം, ബാദ്ധ്യതാ സർട്ടിഫിക്കറ്റ് കിട്ടിക്കഴിഞ്ഞാൽപോലും ഗവൺമെന്റിന് അതിൻമേൽ ലീഗൽ അഡ്വയിസ് എടുക്കണം. അതിനു വേണ്ടി സമയം കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. സി. എഫ്. തോമസ് : ഹയർ പർച്ചേസിന്റെയും വായ്പയുടെയും കാര്യം പറഞ്ഞു. നമ്മുടെ ഫിനാൻഷ്യൽ എൻറർപ്രൈസസിന്റെ എല്ലാ ബ്രാഞ്ചുകളിലും ഇതുപോലെ ഹയർ പർച്ചേസും വായ്പയും കൊടുക്കുവാനുള്ള നിർദ്ദേശമുണ്ടോ ? അങ്ങനെ എല്ലാ ബ്രാഞ്ചുകളിലും ആളുകൾക്ക് നൽകുന്നുണ്ടോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഹയർ പർച്ചേസിന്റെയും ഇന്നത്തെ വായ്പയുടെയും അളവും തോതും കൂടുതൽ കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടി കൈ നടത്തണമെന്നാണ് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളത്. കഴിയുന്നത്ര എല്ലാ ബ്രാഞ്ചുകളിലും ഇത് നടപ്പിലാക്കുന്നതിനുള്ള നടപടിയെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ച്, വേണ്ട നിർദ്ദേശം കൊടുക്കുന്നതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : കാലതാമസം നേരിടുന്നതിന് പ്രധാന കാരണം സോഴ്വൻസി സർട്ടിഫിക്കറ്റുകൾ കിട്ടുന്നതിനുള്ള കാലതാമസം കൊണ്ടാണെന്ന് പറഞ്ഞു. അതുകൊണ്ട് സോഴ്വൻസി സർട്ടിഫിക്കറ്റുകൾ പെട്ടെന്ന് കിട്ടുന്നതിനുവേണ്ടി, പ്രമാണങ്ങളൊക്കെ പരിശോധിക്കുന്നതിനും അതുപോലെതന്നെ ഇന്നുള്ള നടപടിക്രമം ലഘൂകരിക്കാനും അത്യാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : അതാണ്, ഈ സർട്ടിഫിക്കറ്റുകൾ കിട്ടുന്നതിന് വളരെയധികം കാലതാമസമുണ്ട്. അടുത്ത കാലത്ത് റവന്യൂ ഡിപ്പാർട്ടുമെന്റ് പട്ടയം-പാസ് ബുക്ക് എന്ന പേരിൽ ഓരോ ആളിനെയും സംബന്ധിച്ച ബാദ്ധ്യതകളുടെ വിവരങ്ങൾ മുഴുവനും ഇതിനകത്ത് ഉൾപ്പെടുത്തുന്ന പുതിയ ഒരു സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ട്. കാലതാമസം അതിന്റെ അടിസ്ഥാനത്തിൽ കുറയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

മാട്ടി സ്റ്റേറ്റിന് കശുമാവ് കൃഷി വികസന പരിപാടി

* 319. [345] ശ്രീ. എ. കെ. പത്മനാഭൻ :
,, കെ. പി. അരവിന്ദാക്ഷൻ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, പി. സി. തോമസ് (കടുത്തുരുത്തി) :
,, സി. ടി. കൃഷ്ണൻ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാട്ടി സ്റ്റേറ്റിന് കശുമാവ് കൃഷി വികസന പരിപാടി എന്നാണ് ആരംഭിച്ചത് ;

(ബി) ഇതിന് ലോകബാങ്കിന്റെ സഹായമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനുവേണ്ടി മൊത്തം ചെലവഴിച്ച സംഖ്യ എത്ര ;

(ഡി) ഈ സ്കീം പ്രകാരം എന്തുമാത്രം തോട്ടണ്ടി കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ ഉൽപ്പാദിപ്പിച്ചു ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ,

(എ) 1980 സെപ്റ്റംബറിൽ.

(ബി) ഉണ്ട്.

(സി) 612.324 ലക്ഷം രൂപ.

(ഡി) ഈ സ്കീം പ്രകാരം നട്ടുപിടിപ്പിച്ചിട്ടുള്ള കശുമാവിൽ നിന്നുള്ള കശുവണ്ടി ഉൽപ്പാദനം തുടങ്ങുന്നതേയുള്ളൂ.

ശ്രീ. എ.കെ. പത്മനാഭൻ : ലോകബാങ്കിന്റെ സഹായം ഈ മന്ത്രി സ്റ്റേറ്റ് കാഷ്യൂ ഡെവലപ്പ്മെന്റ് സ്കീമിനു ലഭിക്കുമെന്ന് ബഹുമാന പ്പെട്ട മന്ത്രി പറഞ്ഞു. എത്ര കോടി രൂപയാണ് ഇതുവരെ ഈ ഇനത്തിൽ സഹായമായി ലഭിച്ചിട്ടുള്ളത് ?

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, 291.45 ലക്ഷം രൂപ.

ശ്രീ. എ. കെ. പത്മനാഭൻ : ഈ പദ്ധതി ആരംഭിച്ചു തുടങ്ങി എന്നാണ് പറഞ്ഞത്. ഇത് എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്ത മാക്കാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : 1986 സെപ്റ്റംബർ മാസത്തിൽ പൂർത്തി യാക്കിയതാണ്. ഗവൺമെൻറുമായി കത്തിടപാടുകൾ നടന്നുകൊണ്ടിരിക്കു ന്നതുകൊണ്ട് അത് എക്സ്റ്റെൻഡ് ചെയ്യാൻ കഴിയുമെന്നാണ് ഗവൺ മെൻറ് പ്രതീക്ഷിക്കുന്നത്.

സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി

* 320. [346] ശ്രീ. കാനം രാജേന്ദ്രൻ :
,, കെ. ഇ. ഇസ്മയിൽ :
,, കെ. ടി. കുമാരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിച്ച് സ്ട്രീറ്റ് ലൈറ്റുകൾ കത്തിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുവാൻ ഗവൺ മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഏതെല്ലാം പ്രദേശങ്ങളാണ് അതിനുവേണ്ടി തെരഞ്ഞെടുത്തി ട്ടുള്ളത് ;

(സി) ഈ പ്രവർത്തനങ്ങൾ എന്നു പൂർത്തിയാകും ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്. ഒരു പരീക്ഷണമെന്ന നിലയിൽ.

(ബി) ആർ. ഇ. സി. യുടെ ഇൻഡ്യയൊട്ടുക്ക് നടത്താനുദ്ദേശിക്കുന്ന ഒരു പരിപാടിയുടെ ഭാഗമായി ഒരു പരീക്ഷണമെന്ന നിലയിൽ നെയ്യാറിൻകര യ്ക്കടുത്ത് ചാത്തൻകോട് ട്രൈബൽ കോളനി പ്രദേശത്തും മലബാറിൽ

LIBRARY ARCHIVES Kerala Legislative Assembly